"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ഹെൽത്ത് സർവ്വീസസ് - ജീവനക്കാര്യം - ആരോഗ്യ വകുപ്പിലെ നഴ്സിംഗ് സ്കൂളുകളിൽ വൈസ് പ്രിൻസിപ്പൽ തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.2962/2024/H&FWD  തീയതി,തിരുവനന്തപുരം, 07-12-2024

---

പരാമർശം:-
1. സ.ഉ.(അ) നം.70/2024/ആ.കു.വ തീയതി 09.08.2024.
2. സ.ഉ (സാധാ) നം.2763/2024/ആ.കു.വ തീയതി 18.11.2024.
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 14.11.2024 ലെ ആ.വ.ഡ/7187/2023-ഇഇ2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ആരോഗ്യ വകുപ്പിന് കീഴിലെ സർക്കാർ നഴ്സിംഗ് സ്കൂളുകളിലെ വൈസ് പ്രിൻസിപ്പൽ തസ്തികയിൽ സ്ഥാനക്കയറ്റത്തിന് യോഗ്യരായ നേഴ്സിംഗ് ട്യൂട്ടർമാരുടെ സെലക്ട് ലിസ്റ്റ്, പരാമർശം (1) പ്രകാരം സർക്കാർ പ്രസിദ്ധീകരിച്ചിരുന്നു. സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ട 18 പേരിൽ 15 പേർക്കും താൽക്കാലിക സ്ഥാനക്കയറ്റം നൽകുകയും ടി സ്ഥാനക്കയറ്റം പരാമർശം (2) പ്രകാരം ക്രമീകരിച്ച നൽകുകയും ചെയ്തിരുന്നു. വൈസ് പ്രിൻസിപ്പൽ തസ്തികയിൽ നിലവിലുള്ള 3 ഒഴിവുകളിലേയ്ക്ക് ടി സെലക്ട് ലിസ്റ്റ് പ്രകാരം നിയമനം നടത്തുന്നതിനുള്ള ശിപാർശ ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്.

2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ശിപാർശ, പരാമർശം (1) ലെ സെലക്ട് ലിസ്റ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ നഴ്സിംഗ് ട്യൂട്ടർ തസ്തികയിൽ ജോലി നോക്കുന്ന ചുവടെ പട്ടികയിൽ ചേർക്കുന്ന ഉദ്യോഗസ്ഥരെ, സീനിയോറിറ്റി അടിസ്ഥാനമാക്കിയുള്ള സ്ഥലം മാറ്റത്തിന് വിധേയമായി നിലവിലെ സ്ഥാനക്കയറ്റ നിയമനം റിവ്യൂ ചെയ്യുമെന്ന വ്യവസ്ഥയിൽ വൈസ് പ്രിൻസിപ്പൽ തസ്തികയിലേക്ക് KS&SSR ഭാഗം II ചട്ടം 28 ബി (i) പ്രകാരം 56,500-1,18,100 രൂപ ശമ്പളസ്കെയിലിൽ സ്ഥാനക്കയറ്റം അനുവദിച്ച് അവരുടെ പേരിന് നേരെയുള്ള സ്ഥാപനങ്ങളിൽ നിയമിച്ച് ഉത്തരവാകുന്നു.

| **ക്രമ നം.** | **പേര്, നിലവിൽ ജോലി നോക്കുന്ന സ്ഥാപനം** | **വൈസ് പ്രിൻസിപ്പൽ തസ്തികയിൽ സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന സ്ഥാപനം** |
|---|---|---|
| 1 | ശ്രീമതി ലത ടി.<br>സ്കൂൾ ഓഫ് നഴ്സിംഗ്, എസ്.സി /എസ്.ടി | സ്കൂൾ ഓഫ് നഴ്സിംഗ് |

| | | |
|---|---|---|
| | ആശ്രാമം, കൊല്ലം | പത്തനംതിട്ട |
| 2 | ശ്രീമതി സോളി എൻ.ജെ.<br>സ്കൂൾ ഓഫ് നഴ്സിംഗ്, തൃശ്ശൂർ | സ്കൂൾ ഓഫ് നഴ്സിംഗ്<br>കണ്ണൂർ |
| 3 | ശ്രീമതി ബിന്ദു സദാനന്ദൻ<br>സ്കൂൾ ഓഫ് നഴ്സിംഗ്, ആലപ്പുഴ | സ്കൂൾ ഓഫ് നഴ്സിംഗ്<br>കൊല്ലം |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീകല ആർ
അണ്ടർ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ, സർക്കാർ നഴ്സിംഗ് സ്കൂൾ, കൊല്ലം/പത്തനംതിട്ട/ആലപ്പുഴ/തൃശ്ശൂർ/കണ്ണൂർ (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേനെ).
ബന്ധപ്പെട്ട ജീവനക്കാർക്ക് (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേനെ)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ).
കരുതൽ ഫയൽ (C2/372/2024-HEALTH)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.ആരോഗ്യവും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

Endtt.No.DHS/7187/2023/EE2,Dated,#ApprovedDate#

Copy communicated to all DMOs&concerned Head of Institutions for intimation and necessary action.

**Signed by Shaima M S**
**Date: 11-12-2024 16:48:37**

For Director of Health Services